**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. **436** — **21.10.2016** ൽ മറുപടിക്ക്

# പുരാതന ചരിത്രസ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും

**ചോദ്യം** — **മറുപടി**

ശ്രീ.ഒ.ആർ.കേളു
ശ്രീ. പുരുഷൻ കടലുണ്ടി
പ്രൊഫ. കെ.യു.അരുണൻ
ശ്രീമതി. വീണാ ജോർജ്ജ്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
(ബഹു. തുറമുഖവും,മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുരാതന ചരിത്രസ്മാരകങ്ങളും ചരിത്രാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും അതിന്റെ തനിമ നിലനിർത്തുന്നതിനും പുരാവസ്തു വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; | (എ) | 1968 ലെ കേരള പ്രാചീന പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്റ്റ് പ്രകാരം പ്രാചീന സ്മാരകങ്ങളും, പുരാവസ്തു സങ്കേതങ്ങളും സംരക്ഷിക്കുന്നതിനും, പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉദ്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും, ശിൽപ്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റ് വസ്തുക്കൾ എന്നിവ കാത്തുസൂക്ഷിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് പുരാവസ്തു വകുപ്പ് ചെയ്തു വരുന്നത് ഇതിൽ പ്രാധനമായത് ഘടനാപരമായ സംരക്ഷണവും, രാസസംരക്ഷണവും, ഉദ്ഖനന പ്രവർത്തനവുമാണ്. |
| (ബി) | പ്രസ്തുത വകുപ്പിനു കീഴിലുള്ള ജില്ലാ പൈതൃക മ്യൂസിയങ്ങൾ ഏതെല്ലാം ജില്ലകളിലാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | എല്ലാ ജില്ലകളിലും പുരാവസ്തു പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുക എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, ഇടുക്കി, വയനാട്, പാലക്കാട്, മലപ്പുറം എന്നീ 8 ജില്ലകളിൽ ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട് .മലപ്പുറം ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയം ഒഴിച്ചുള്ള 7 ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെയും സജ്ജീകരണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ ജില്ലാ പുരാവസ്തു പൈതൃക മ്യൂസിയങ്ങളുടെ പണികൾ നടന്നു വരുന്നു. |
| (സി) | ഏതെല്ലാം പൈതൃക സ്മാരകങ്ങൾക്കാണ് കേന്ദ്ര സാംസ്കാരിക മന്ത്രാലയത്തിന്റെ ധനസഹായം ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള സംരക്ഷിത സ്മാരകങ്ങളായ നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, എറണാകുളം ഹിൽപ്പാലസ് മ്യൂസിയം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവിടങ്ങളിൽ കേന്ദ്രസർക്കാരിന്റേയും, സംസ്ഥാന സർക്കാരിന്റേയും പങ്കാളിത്തത്തോടെ "Setting up, promotion and Strengthening of Regional and Local Museums" എന്ന പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ 80% ചെലവ് കേന്ദ്രവും ബാക്കി സംസ്ഥാന സർക്കാരും വഹിക്കുന്നു. |

**സെക്ഷൻ ഓഫീസർ**